ഭരണഭാഷ മാതൃഭാഷ

*നമ്പർ.സി5/11/2013/ഡി.പി.ഐ.*

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം., തീയതി.12/08/2013.
ഫോൺ - 0471-2580514.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - സീനിയർ ക്ലാർക്കുമാരുടെ സേവന പുസ്തകം പരിശോധനയ്ക്കു വേണ്ടി ആവശ്യപ്പെടുന്നത് -

സൂചന : 1996-05 വർഷത്തെ യു.ഡി. ക്ലാർക്കുമാരുടെ സീനിയോരിറ്റിപ്പട്ടിക

1996-05-ലെ യു.ഡി. ക്ലാർക്കുമാരുടെ സീനിയോരിറ്റിപ്പട്ടികയിൽ ഉൾപ്പെടുന്ന റാങ്ക് നമ്പർ 452 മുതൽ 550 വരെയുള്ള ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റം (ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട്) നൽകുന്നതിനു വേണ്ടി സർവ്വീസ് സംബന്ധമായ വിവരങ്ങൾ പരിശോധിക്കുന്നതിനായി ടി ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ച് സർവ്വീസ് കാർഡ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസ്/ജില്ല സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ഈ സർക്കുലർ പ്രകാരം ടി ജീവനക്കാരുടെ സേവനപുസ്തകം അതാത് ഓഫീസ് മേധാവികൾ/പ്രഥമാധ്യാപകർ 20/09/2013-നു മുൻപ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

1996-05-ലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും പിന്നീട് പേരു ചേർക്കപ്പെട്ടിട്ടുള്ളവരുമായ റാങ്ക് നമ്പർ 452 മുതൽ 550 വരെയുള്ള ഓരോ റവന്യൂ ജില്ലയിലുമുള്ള ജീവനക്കാരുടെ സേവന പുസ്തകങ്ങൾ അതത് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ ശേഖരിച്ച ശേഷം വിവരം 30/09/2013-നു മുൻപായി ഈ ഓഫീസിൽ അറിയിക്കേണ്ടതും, വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നിയോഗിക്കുന്ന ഓഫീസർമാർക്ക് സേവന പുസ്തകങ്ങൾ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

യഥാസമയം സേവനപുസ്തകം ഹാജരാക്കാത്ത ജീവനക്കാരെ ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതല്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം.
2. പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം
3. എല്ലാ സബ്-ഓഫീസുകൾക്കും